
കേരള കൗമുദി
SINCE 1911
Trivandrum 07 Jan 2025

പുത്തൻ കൃഷിരീതികൾക്ക് ഭൂവിനിയോഗം പ്രധാനം : മുഖ്യമന്ത്രി



തിരുവനന്തപുരം: സംസ്ഥാനത്ത് പുത്തൻ കൃഷിരീതികൾ നടപ്പിലാക്കേണ്ടത് ആവശ്യമാണെന്നും അതിന് ഭൂവിനിയോഗത്തിന് പ്രധാന പങ്കുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ഭൂവിനിയോഗ ബോർഡ് മാസ്കോട്ട് ഹോട്ടലിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭൂവിനിയോഗത്തിന് നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തണം. കേരളത്തിലെ വിഭവങ്ങൾ, തണ്ണീർത്തടങ്ങൾ, ഓരോ കൃഷിക്കും അനുയോജ്യമായ ഭൂഘടന എന്നിവ സംബന്ധിച്ച കാര്യങ്ങൾ പഠനവിധേയമാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനുള്ള വിശാലസമീപനം അന്താരാഷ്ട്ര തലത്തിൽ സ്വീകരിക്കണം. പ്രകൃതിദുരന്തങ്ങൾ പ്രതിരോധിക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി വരുന്നു. ഭൂവിനിയോഗ ബോർഡിന്റെ കൈവശമുള്ള പഠനരേഖകളും ഇതിനായി പ്രയോജനപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ മൊത്തം കൃഷിവിസ്തൃതിയുടെ മുപ്പത് ശതമാനവും നാളികേര കൃഷിയാണ്. നാളികേര ഉത്പാദനത്തിൽ കഴിഞ്ഞ വർഷം ഒന്നാംസ്ഥാനം നമ്മൾ തിരിച്ചു പിടിച്ചിട്ടുണ്ട്. കേരഗ്രാമം പദ്ധതിക്കും ആവർത്തന നടൽരീതിക്കും ഇടവിള സമ്മിശ്ര കൃഷിക്കുമൊപ്പം പുത്തൻ നാളികേരകൃഷിരീതികളും സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി ജി. ആർ. അനിൽ അദ്ധ്യക്ഷത വഹിച്ചു. ഭൂവിനിയോഗ ബോർഡിന്റെ കൈപ്പുസ്തകവും സജലം പദ്ധതിയുടെ വെബ്സൈറ്റും മന്ത്രി പ്രകാശനം ചെയ്തു.

എം.എൽ.എമാരായ ആന്റണി രാജു, ഐ.ബി. സതീഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ, മുഖ്യമന്ത്രിയുടെ സയൻസ് മെന്റർ എം. ചന്ദ്രദത്തൻ, പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ് തുടങ്ങിയവർ പങ്കെടുത്തു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Trivandrum

ഭൂവിനിയോഗം: ആധുനിക സാധ്യതകൾ ഉപയോഗപ്പെടുത്തണം-മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ഭൂവിനിയോഗത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ സാധിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സാറ്റലൈറ്റ് മാപ്പിങ്, നിർമിതബുദ്ധി, മെഷീൻ ലേണിങ് തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയുള്ള വിവര വിശകലനം ഈ മേഖലയിൽ വലിയ ചലനമുണ്ടാക്കും. ഭൂവിനിയോഗ ബോർഡ് സംഘടിപ്പിച്ച സെമിനാറും സുവനീർ പ്രകാശനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ ഭൂവിസ്തൃതിയിൽ 30 ശതമാനം നാളികേരകൃഷിയുണ്ട്. നാളികേര ഉൽപാദനത്തിൽ ഇടക്കാലത്ത് പിന്നോട്ട് പോയെങ്കിലും കഴിഞ്ഞവർഷം അത് തിരിച്ചുപിടിക്കാനായി. നാളികേരകൃഷിയുടെ ഭൂവിസ്തൃതി കുറയുന്നത് പരിശോധിക്കപ്പെടണം. നാളികേരകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ നേതൃത്വത്തിൽ കേരഗ്രാമം പദ്ധതി, ആവർത്തന നടിലടക്കമുള്ള കൃഷിരീതികളും നടപ്പാക്കിവരികയാണ്.



ഭൂവിനിയോഗ ബോർഡ് സംഘടിപ്പിച്ച സെമിനാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

കാലാവസ്ഥാ വ്യതിയാനം കൃഷിയിലുണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യണം.

മലിനീകരണം നിയന്ത്രിച്ച് കാലാവസ്ഥ വ്യതിയാനം ചെറുക്കാൻ കൂട്ടായ ഉത്തരവാദിത്തം ആവശ്യമാണ്. ഇതിനാവശ്യമായ വിശാലമായ സഹകരണവും കൂട്ടായ തീരുമാനവും അന്താരാഷ്ട്രവേദികളിൽ ഉണ്ടാകുന്നില്ലെന്നത് നിർഭാഗ്യകരമാണ്. ഏറ്റവും കൂടുതൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ ഗൗരവത്തിന് അനുസരിച്ച് സഹകരിക്കുന്നില്ല.

മറ്റാരെയും കാത്തുനിൽക്കാതെ നമുടെ നടപടികളിലേക്ക് കടക്കാനാകണം– മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി ജി ആർ അനിൽ അധ്യക്ഷനായി.

7900
3315
9000
8600
3 04
ുടെ
3200
9900
9205
9056
8919
3844
3732
ളർ)
6560
3.01)
3314
5.25)
3200
7800
3800
400

ളിൽ 2 ദിവസമായി നടക്കും. കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മേൽ ഉദ്ഘാടനം ചെയ്യും.

ണ്ട്, യുഎസ് എ
നിന്നുള്ള വിദഗ്ധരും വിവിധ സെമിനാറുകളിൽ പങ്കെടുക്കുന്നുണ്ട്.

ഭൂവിനിയോഗ ആസൂത്രണം പുത്തൻ കൃഷിരീതികൾക്ക് പ്രധാനം: മുഖ്യമന്ത്രി

തിരുവനന്തപുരം● പുത്തൻ കൃഷി രീതികൾക്കായി കൃത്യമായ ഭൂവിനിയോഗം ആസൂത്രണം ചെയ്യണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭൂവിനിയോഗ ബോർഡ് സംഘടിപ്പിച്ച' തെങ്ങ് അധിഷ്ഠിത ഭൂവിനിയോഗവും മാറുന്ന കാലാവസ്ഥയും ' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കാലാവസ്ഥ വ്യതിയാനം കാരണമുണ്ടായ പ്രളയം, വരൾച്ച, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് തുടങ്ങിയവ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയെയും കൃഷിരീതികളെയും പ്രതികൂലമായി ബാധിച്ചു. ഇത്തരം ദുരന്തങ്ങൾ പ്രതിരോധിക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്വന്തമായി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനുകൾ തയാറാക്കിയിട്ടുണ്ട്. ഭൂവിനിയോഗ ബോർഡിന്റെ പഠനരേഖകളും ഇതിനായി പ്രയോജനപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി ജി.ആർ.അനിൽ അധ്യക്ഷത വഹിച്ചു. ഭൂവിനിയോഗ ബോർഡിന്റെ കൈപ്പുസ്തകവും ' സജലം ' പദ്ധതി വെബ്സൈറ്റും മന്ത്രി പ്രകാശനം ചെയ്തു. എംഎൽഎമാരായ ആന്റണി രാജു, ഐ.ബി.സതീഷ് , തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ്കുമാർ, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേശകൻ എം.ചന്ദ്രദത്തൻ, പ്ലാനിങ് ബോർഡ് അംഗം ഡോ. ജിജു പി. അലക്സ് തുടങ്ങിയവർ പ്രസംഗിച്ചു.